LIBRARY ARCHIVES Kerala Legislative Assembly

അഷ്ടമുടി പ്രദേശങ്ങളിൽ വൈദ്യുതി തടസ്സം പരിഹരിക്കാൻ നടപടി

176 (5581) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ പെരിനാട് ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ അഷ്ടമുടി ഹൈസ്ക്കൂളിന് തെക്കുവശത്തുള്ള പ്രദേശങ്ങളിൽ സ്ഥിരമായി എല്ലാ ദിവസവും ചില പ്രത്യേക സമയങ്ങളിൽ വൈദ്യുതി തടസ്സം ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വൈദ്യുതി തടസ്സം ഇലക്ട്രിക്കൽ സെക്ഷന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ-സി) ഒരു വർഷം മുമ്പ് ഈ പ്രദേശങ്ങളിൽ സ്ഥിരമായി സപ്ലൈ തടസ്സം ഉണ്ടാകുന്നതായി പരാതി കിട്ടിയിരുന്നു. അത് പരിഹരിക്കുന്നതി നായി 350 മീറ്റർ 11 KV ലൈൻ വലിച്ച് മലയരികിൽപ്പള്ളി സ്ഥലത്ത് 100 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും, കൂടാതെ ഈ പ്രദേശങ്ങളിൽ ഉണ്ടായിരുന്ന കോപ്പർ കമ്പികൾ മാറ്റി ACSR കമ്പികൾ സ്ഥാപിക്കുകയും 11 KV നെറ്റ്വർക്കിൽ ഈ പ്രദേശത്ത് റിംഗ്സിസ്റ്റം ആക്കുന്നതിന് വേണ്ടി 700 മീറ്റർ 11 KV ലൈൻ വലിക്കുകയും ചെയ്തിട്ടുണ്ട്. ഈയടുത്ത കാലത്ത് പ്രകൃതിക്ഷോഭംമൂലം (ശക്തിയായ കാറ്റിലും മഴയിലും മരങ്ങളും മരച്ചില്ല കളും വൈദ്യുതി ലൈനിലും മറ്റും വീണ്) ഈ പ്രദേശത്ത് വൈദ്യുതി തടസ്സം ഉണ്ടായിട്ടുണ്ട്. എത്രയും വേഗം വൈദ്യുതി പുനഃസ്ഥാപിച്ചു നൽകി യിട്ടുണ്ട്. മഴക്കാലത്ത് വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനായി മഴക്കാല ത്തിന് മുന്നോടിയായി അറ്റകുറ്റപ്പണികൾ നടത്തുവാൻ വേണ്ട നിർദ്ദേശം നൽകുകയും, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന പെരിനാട് സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്ത് കഴിയുമ്പോൾ ഈ പ്രദേശത്തെ വൈദ്യുതി പ്രശ്നം ഒരു പരിധിവരെ കുറയുന്നതാണ്. വൈദ്യുതി തടസ്സം ഇലക്ട്രിക്കൽ സെക്ഷന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ സത്വര നടപടി സ്വീകരിക്കുന്നതാണ്.